**നം.ഇ.എക്സ്. എ(4)/43000/2025/സി.ജി.ഇ.**

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം. **തീയതി: 27/01/2026**

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - പരീക്ഷാഭവൻ - എസ്.എസ്.എൽ.സി - 2026 കാഴ്ചക്കുറവുള്ള പരീക്ഷാർത്ഥികളുടെ ഐ.ടി പരീക്ഷ നടത്തിപ്പ് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം:- 29/10/2025 ലെ ഇ.എക്സ്/സി.ജി.എൽ(1)/40000/2025/സി.ജി.ഇ നമ്പർ വിജ്ഞാപനം.

2026 ഫെബ്രുവരി മാസം നടക്കുന്ന എസ്.എസ്.എൽ.സി ഐ.ടി പ്രാക്ടിക്കൽ പരീക്ഷ എഴുതുന്ന കാഴ്ചക്കുറവുള്ള പരീക്ഷാർത്ഥികളുടെ (Visually Impaired), പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട നിർദേശങ്ങൾ ചുവടെ നൽകുന്നു.

- കാഴ്ചക്കുറവുള്ള പരീക്ഷാർത്ഥികളുടെ (Visually Impaired) ഐ.ടി പ്രാക്ടിക്കൽ പരീക്ഷ, പരീക്ഷാഭവനിൽ നിന്നും iExam മുഖേന ലഭ്യമാക്കുന്ന പ്രത്യേക ചോദ്യപേപ്പർ ഉപയോഗിച്ച് സ്ക്രീൻ റീഡിംഗ് സോഫ്റ്റ്‌വെയറിന്റെ സഹായത്താൽ പരീക്ഷ നടത്തേണ്ടതാണ്.
- പ്രസ്തുത വിഭാഗം വിദ്യാർത്ഥികളെ ഐ.ടി പരീക്ഷ സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്ത്, ലഭ്യമാകുന്ന തിയറി ചോദ്യങ്ങൾ ഐ.ഇ.ഡി. റിസോഴ്സ് അധ്യാപകന്റെ സഹായത്തോടെ വായിച്ചു നൽകി, വിദ്യാർത്ഥി നൽകുന്ന ഉത്തരം രേഖപ്പെടുത്തി പൂർത്തിയാക്കേണ്ടതാണ്. തുടർന്ന് പ്രാക്ടിക്കൽ ഭാഗത്ത് ലഭിക്കുന്ന ഓരോ ചോദ്യവും, സ്റ്റാർട്ട് നൽകിയതിന് ശേഷം സോഫ്റ്റ്‌വെയറിൽ നൽകിയിരിക്കുന്ന പ്രാക്ടിക്കൽ ചോദ്യത്തിന് പകരമായി പ്രത്യേകം ലഭ്യമാക്കിയ ചോദ്യ പേപ്പറിലെ ചോദ്യങ്ങൾ ഓരോന്നായി സ്ക്രീൻ റീഡിംഗ് സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ ചെയ്യേണ്ടതാണ്. വിദ്യാർത്ഥി ചെയ്ത പ്രവർത്തനങ്ങൾ മൂല്യനിർണ്ണയം ചെയ്ത് പ്രാക്ടിക്കൽ പരീക്ഷയുടെ സ്കോറായി സോഫ്റ്റ്‌വെയറിൽ തന്നെ എന്റർ ചെയ്ത് പരീക്ഷ പൂർത്തിയാക്കേണ്ടതാണ്.
- ഐ.ടി പരീക്ഷ നടത്തുന്നതിന് നിയമിച്ചിട്ടുള്ള ഇൻവിജിലേറ്ററെ കൂടാതെ ഐ.ഇ.ഡി. റിസോഴ്സ് അധ്യാപകരുടെ സേവനം കൂടി ഈ വിഭാഗം വിദ്യാർത്ഥികളുടെ പരീക്ഷയ്ക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

**സെക്രട്ടറി**

**പകർപ്പ്:**

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം
2. ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. ബന്ധപ്പെട്ട എല്ലാ സ്കൂൾ മേലധികാരികൾക്കും (വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
5. സിസ്റ്റം മാനേജർ, പരീക്ഷാഭവൻ